**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1281** **07-10-2021 - ൽ മറുപടിയ്ക്ക്**

**നെല്ലിയാമ്പതിയിലെ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെല്ലിയാമ്പതിയിൽ ടൂറിസം വകുപ്പിന്റെ സ്ഥലത്ത് തുടങ്ങാൻ പോകുന്ന ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരിക്കുമോ; | (എ) | നെല്ലിയാമ്പതി ടൂറിസം ഡെവലപ്മെന്റ് ഫെയ്സ് 1-ന്റെ ഭാഗമായി നിർമാണ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്ന നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാമിന്റെ സ്ഥലം നെല്ലിയാമ്പതി റിസർവിൽപ്പെട്ട ഡിറിസർവ് ചെയ്യപ്പെടാത്ത ഭൂമിയായതിനാലും ഈ പ്രവർത്തിക്കു വേണ്ടി സർക്കാരിന്റെ മുൻകൂർ അനുമതി ബന്ധപ്പെട്ട അധികൃതർ വാങ്ങിയിട്ടില്ലാത്തതിനാലും വനഭൂമിയിൽ നിർമ്മാണ പ്രവർത്തികൾ നടത്തുന്നതിന് സാധനസാമഗ്രികൾ കടത്തിക്കൊണ്ടു പോകുന്നതിനുള്ള അപേക്ഷ പരിഗണിക്കാൻ സാധിക്കില്ലയെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട് . |
| (ബി) | 5.13 കോടി രൂപ അനുവദിക്കുകയും ടെൻഡർ നടപടി പൂർത്തീകരിച്ച കരാർ ഏൽപ്പിക്കുകയും ചെയ്ത പ്രസ്തുത പദ്ധതി തുടങ്ങുന്നതിലെ തടസ്സങ്ങൾ നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | നെല്ലിയാമ്പതിയിൽ ടൂറിസം വികസനത്തിനായി 5.13 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ നിർമ്മാണത്തിനായി ഹൈറ്റ്സ് എന്ന ഏജൻസിയെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാർ ഏൽപ്പിക്കുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തികൾക്ക് സാധനസാമഗ്രികൾ കടത്തിക്കൊണ്ടു പോകുന്നതിനായി വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ട് ആയതിന് M/s. ഹൈറ്റ്സ് നൽകിയ അപേക്ഷ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ